# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടപ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PTA /P4-1415/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 28/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PTA /P4-1415/22 തീയ്യതി: 28/03/2023

## പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-11-2021 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 14-12-2022 | 23-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-12-2022 | 23-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അജ്മൽ എ.എസ്., ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ എം.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ കെ.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി നിഷ അശോകൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ എസ്. വിജയ് | സെക്രട്ടറി | 01-04-2021 | 25-09-2021 |
| ശ്രീമതി രജനി രവീന്ദ്രൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-09-2021 | 05-10-2021 |
| ശ്രീ. മുജീബ് റഹ്മാൻ കെ.എം. | സെക്രട്ടറി | 06-10-2021 | 06-11-2021 |
| ശ്രീമതി രജനി രവീന്ദ്രൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-11-2021 | 13-11-2021 |
| ശ്രീ. മുജീബ് റഹ്മാൻ കെ.എം. | സെക്രട്ടറി | 14-11-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രജനി രവീന്ദ്രൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 20-12-2021 |
| ശ്രീമതി ബിന്ദു സി. | അസിസ്റ്റന്റ് സെക്രട്ടറി (അഡീഷണൽ ചാർജ്ജ്) | 21-12-2021 | 03-02-2022 |
| ശ്രീമതി ബിന്ദു സി. | അസിസ്റ്റന്റ് സെക്രട്ടറി | 04-02-2022 | 31-03-2022 |
| ശ്രീ. മാർട്ടിൻ ആന്റണി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. റോയ് ഐസക് വർഗ്ഗീസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി പുഷ്പകുമാരി എൽ.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. ലക്ഷ്മി ദിവാകരൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2021 | 31-03-2022 |
| ഡോ. കെ. വിശ്വനാഥൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ജിസ് മേരി എ.പി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. ഷാമില | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ. രമേഷ് | ഹെഡ് മാസ്റ്റർ | 01-04-2021 | 27-03-2022 |
| ശ്രീമതി മിനി ഫിലിപ്പ് | ഹെഡ് മിസ്ട്രസ് | 28-03-2022 | 31-03-2022 |
| ശ്രീമതി പ്രിൻസി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 1 | 01-04-2021 | 31-03-2022 |
| ശ്രീമതി ദീപ റ്റി.കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 2 | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി മഞ്ജു എസ്. | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 09-09-2021 |
| ശ്രീ. ശ്രീകുമാർ ജെ. | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 10-09-2021 | 31-03-2022 |
| ശ്രീമതി ബിന്ദു ദേവി ജി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 21-07-2021 |
| ശ്രീ. രാകേഷ് ഗോകുൽ എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ (അഡീഷണൽ ചാർജ്ജ്) | 22-07-2021 | 05-09-2021 |
| ശ്രീമതി ആതിര ആർ.എൽ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 06-09-2021 | 31-03-2022 |

<u>ഉള്ളടക്കം</u>



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | തൊഴി**ൽ** നികുതി /സ്ഥാപന തൊഴി**ൽ** നികുതി -ഈടാക്കാൻ അവശേഷിക്കുന്നു. | 1-11 |
| 12 | ലൈസൻസ് അപാകതകൾ | 1-12 |
| 13 | മൊബൈ**ൽ** ടവ**ർ** വസ്തുനികുതി -കുടിശ്ശിക ഈടാക്കിയില്ല | 1-13 |
| 14 | വസ്തുനികുതി - പിരിവ് - തുടർനടപടികൾ അനിവാര്യം | 1-14 |
| 15 | വനിതാ ഘടക പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല | 1-15 |
| 16 | പരേതരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല. | 1-16 |
| 17 | ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ചെലവ് രേഖകൾ ലഭ്യമല്ല | 1-17 |
| 18 | ലൈഫ് ഭവന പദ്ധതി- അഡ്വാൻസ് തുക കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-18 |
| 19 | നിർമ്മല ഗ്രാമം പദ്ധതി – ഗ്രാമസഭ, പഞ്ചായത്ത് കമ്മിറ്റി തീരുമാനമില്ലാതെ ആനുകൂല്യം നൽകി | 1-19 |
| 20 | പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം ഉറപ്പാക്കാതെ വെള്ളക്കരം അടയ്ക്കുന്നു | 1-20 |
| 21 | തെരുവ് വിളക്കുകൾക്ക് കറന്റ് ചാർജ്- അധികം തുക ചെലവഴിക്കുന്നു. | 1-21 |
| 22 | പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ- ഉപകരണങ്ങൾ ലഭിച്ചില്ല | 1-22 |
| 23 | നിർവ്വഹണത്തിൽ ഗുരുതര വീഴ്ച; PHCകെട്ടിടം ഉപയോഗപ്പെട്ടില്ല; 57.31 ലക്ഷം രൂപ പാഴായി | 1-23 |
| 24 | ആസ്തിയി**ൽ** ഉ**ൾ**പ്പെടാത്ത റോഡുകളി**ൽ** നി**ർ**മ്മാണം -- അപാകതകൾ | 1-24 |

| | | |
|---|---|---|
| 25 | കരാർ ചമച്ച മരാമത്ത് പ്രവൃത്തികൾ നാളിതു വരെ ആരംഭിച്ചിട്ടില്ല. - കരാറുകാരനതിരെ നിയമ നടപടികൾ സ്വീകരിക്കാതെ പദ്ധതി ഉപേക്ഷിച്ചതായി കമ്മിറ്റി തീരുമാനം. അംഗീകരിക്കുന്നില്ല . | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | ഓഡിറ്റ് റിക്കവറി | 4-6 |
| 6 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 7 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 22.02.2021 തീയതിയിലെ I/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 22.03.2022 തീയതിയിലെ 1(I)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

2021-22 സാമ്പത്തികവർഷത്തെ വാർഷികധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ B3-Capital Contribution:- മുൻവർഷത്തെ തുക തന്നെയാണ് തൻവർഷവും ഉൾപ്പെടുത്തിയിട്ടുള്ളത് (26051067)

2. ഷെഡ്യൂൾ B4:-NREGA,PYCKA ഇവയൊഴികെയുള്ളവയുടെ നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോദ്ധ്യപ്പെടുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാന്റ് /വിവിധ അംശാദയങ്ങൾ ഇനത്തിൽ ലഭിച്ചതും വിനിയോഗിക്കുവാൻ അവശേഷിക്കുന്നതുമായ തുക ബാധ്യതയായി നിലനിർത്തിയിരിക്കുന്നതിന്റെ കൃത്യത വ്യക്തമല്ല.

3. ഷെഡ്യൂൾ B5- Secured Loans-ലൈഫ് മിഷൻ വായ്പാ തിരിച്ചടവിൽ തൻവർഷം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക രേഖപ്പെടുത്തിയത് കൃത്യമല്ല.

4. ഷെഡ്യൂൾ B7:- Deposit Received -ഡിപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ 3056256/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

5. ഷെഡ്യൂൾ B11(a):- Capital Work In Progress-732150 /- രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കണക്കുകൾ പ്രകാരം 899048/- രൂപയാണ് ഈയിനത്തിലുള്ള നീക്കിയിരിപ്പ് തുക

6. ഷെഡ്യൂൾ B18- Deposit With KWA കഴിച്ച് അവശേഷിക്കുന്ന നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോദ്ധ്യപ്പെടുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. Code 460500402 COSTFORD ന് മുൻകൂർ നൽകിയ 1600000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. ഇതിന്റെ മൂല്യനിർണ്ണയ വിശദാംശങ്ങൾക്കൂടി പരിഗണിച്ച് മൂലധന ചെലവിലേയ്ക്ക് ക്രമീകരിക്കേണ്ടതാണ്.

7. I1,RP-43,B-15:- വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
8. ലൈഫ് മിഷൻ Source Deduction തുക ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ വികസനഫണ്ട് ജനറൽ, എസ്.സി.പി. ഇനങ്ങളിലുള്ള വരവിന്റെ അക്കൗണ്ടിംഗ് കൃത്യമല്ല.
9. പൈക്കയുടെ നീക്കിയിരിപ്പ് തുക B4, B17 എന്നിവയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
10. ഷെഡ്യൂൾ - B11 - ആസ്തികൾ സംബന്ധിച്ച അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള അനുബന്ധ പത്രികകൾ വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.
11. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള സംസ്ഥാനാവിഷ്കൃത കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വരവുചെലവു കണക്കുകൾ കൃത്യമല്ല.

## 1-3 സാമ്പത്തിക വിശകലനം

റെസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 7192425 |
| വരവ് | 69863264 |
| ആകെ | 77055689 |
| ചെലവ് | 63626715 |
| നീക്കിയിരിപ്പ് | 13428974 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | *തൻവർഷ വരവ്* | ആകെ | *ചെലവ്* | *നീക്കിയിരിപ്പ്/ലാപ്സായ തുക* |
|---|---|---|---|---|---|
| വികസന | 0 | 12777000 | 12777000 | 11404561 | 1372439 |

| | | | | | |
|---|---|---|---|---|---|
| ഫണ്ട് (ജനറൽ) | | | | | |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 6462261 | 6462261 | 5385780 | 1076481 |
| വികസന ഫണ്ട് (റ്റി എസ്.പി) | 0 | 6900 | 6900 | 0 | 6900 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10541600 | 1054600 | 3775410 | 6766190 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 5202519 | 5202519 | 3076683 | 2125836 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 7649000 | 7649000 | 4900337 | 2748663 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 3607278 | 3607278 | 2549626 | 1057652 |

കേന്ദ്രാവിഷ്കൃത ഫണ്ട്

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ..ജി.എസ് | 5893 | 17767394 | 17773287 | 17773177 | 110 |
| ഐ.സി.ഡി.എസ്. | 996037 | 1426170 | 2422207 | 2308594 | 113613 |

സംസ്ഥാനാവിഷ്കൃത ഫണ്ട്

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ്935488 | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 1492669 | 268502 | 1761171 | 666986 | 1094185 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

1. വികസനഫണ്ട് ജനറൽ വിഭാഗത്തിൽ ലൈഫ് മിഷൻ ലോൺ തിരിച്ചടവ്, അംഗൻവാടി ജീവനക്കാർക്ക് ഹോണറേറിയം എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 2131750/-രൂപ (1080550+1051200) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. വികസനഫണ്ട്-എസ്.സി.പി. വിഭാഗത്തിൽ ലൈഫ് മിഷൻ ലോൺ തിരിച്ചടവിനായി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 224783/- രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതിച്ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാവം |
|---|---|---|---|---|---|
| 127 | 66669488 | 90 | 38080680 | 37 | 57 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 5893 | 1295813 | 1301706 | 1301596 | 110 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | 14205296 | 14205296 | 14205296 | 0 |
| സാധനസാമഗ്രികൾ | 0 | 2266285 | 2266285 | 2266285 | 0 |
| ആകെ | 5893 | 17767394 | 17773287 | 17773177 | 110 |

## 1-7 ക്ഷേമ പദ്ധതികൾ

2021-22 സാമ്പത്തികവർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 349 | 4527200 |
| 2 | വികലാംഗ പെൻഷൻ | 233 | 3220500 |
| 3 | വാർദ്ധക്യകാല പെൻഷൻ | 2310 | 30054600 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 40 | 551800 |
| 5 | വിധവാ പെൻഷൻ | 717 | 10295200 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.12.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2214/- (രണ്ടായിരത്തി ഇരുന്നൂറ്റി പതിന്നാല്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമല്ല. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്. എന്നാൽ രജിസ്റ്ററുകളുടെ പരിപാലനത്തിൽ ശ്രദ്ധ പുലർത്തിയിട്ടില്ല. വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വിവിധ ഇനം വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനത്തിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ്, അഡ്വാൻസ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. നാളിതുവരെ ആർജ്ജിച്ചിട്ടുള്ള എല്ലാ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന വിവിധയിനം ഗ്രാന്റുകളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഡിപ്പോസിറ്റ് രജിസ്റ്റർ, വിവിധ പദ്ധതികൾക്കായി മറ്റ് ഏജൻസികൾക്ക് അഡ്വാൻസ് നൽകുന്ന തുകയുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന അഡ്വാൻസ് രജിസ്റ്റർ എന്നിവ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ലൈഫ് മിഷൻ പദ്ധതിക്ക് ലഭ്യമായ വായ്പയുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തനതുഫണ്ട് തുകയുടെ ചെലവ് സംബന്ധിച്ച വൗച്ചറുകൾ കൃത്യമായും ക്രമമായും സൂക്ഷിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. പ്രവർത്തിക്കുന്ന പൊതുടാപ്പുകളുടെ എണ്ണം ഉറപ്പാക്കാതെ വാട്ടർചാർജ് അടക്കുന്നതും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാത്തതും വെള്ളക്കരം കറന്റ് ചാർജ് ഇനത്തിൽ അധികം തുക അടക്കുന്നതിന് കാരണമാകുന്നു. ടെണ്ടർ ഫീ രജിസ്റ്റർ, ടെണ്ടർ Sale Register എന്നിവ പരിപാലിക്കുന്നില്ല. കരാറുകാരിൽ നിന്നും GST ഡിക്ലറേഷൻ ഫാറം ലഭ്യമാക്കുന്നില്ല. ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്ന എല്ലാ കരാറുകാരുടേയും ലൈസൻസ് രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പരിശോധനാ യോഗ്യമായ രീതിയിൽ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മരാമത്ത് ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തേണ്ടതാണ്. മരാമത്ത് ഫയലുകൾ പരിശോധനാ യോഗ്യമായ രീതിയിൽ അല്ല സൂക്ഷിച്ചിട്ടുള്ളത്. ഫയലുകൾ കൃത്യമായി പരിപാലിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റ ആഭ്യന്തരനിയന്ത്രണസംവിധാനം മെച്ചപ്പെടുത്തുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയ്യതി | കാലയളവ് | തീയ്യതി |
|---|---|---|---|
| അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 30.10.16 മുതൽ 14.11.16 വരെ | 2011-12 മുതൽ 2015-16 വരെ | 22.12.16 |
| പെർഫോമൻസ് ഓഡിറ്റ് | 21.02.22 മുതൽ 23.02 2022 വരെ | 04/2021 മുതൽ 12/2021 വരെ | 10.10.2022 |

## 1-11 തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി -ഈടാക്കാൻ അവശേഷിക്കുന്നു.

പഞ്ചായത്തി രാജ് നിയമം 204-ാം വകുപ്പ് , 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം, എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്.

I. ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തിൽ തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. അക്ഷയ കേന്ദ്രം,കടപ്ര.

2. ഉരുത്തിക്കര ഭാരത് ഗ്യാസ്, 15/158 A.

3. മഞ്ചേരിക്കളം സൂപ്പർ മാർക്കറ്റ്.

III. ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയില്ല.

1. I.O.B,കടപ്ര.

2. സെന്റ് മേരീസ് ,ഐ.ടി.ഐ, നിരണം.

3. P.R.D മിനി ഇൻവെസ്റ്റ്മെന്റ്.

4. CDSകുടുംബശ്രീ ഓഫീസ്.

5. വില്ലേജ് ഓഫീസ്, കടപ്ര.

6. ദേവസ്വം ബോർഡ് പമ്പ കോളേജ്. പരുമല.

7. ട്രാവൻകൂർ ദേവസ്വം ബോർഡ് (കുരുട്ടി സബ് ഗ്രൂപ്പ്)

IV. ചുവടെ ചേർത്തിട്ടുള്ള പോസ്റ്റ് ഓഫീസുകളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.

1. വളഞ്ഞവട്ടം പോസ്റ്റാഫീസ്.

2. വടക്കും ഭാഗം പോസ്റ്റാഫീസ്.

3. കടപ്ര മാന്നാർ പോസ്റ്റ് ഓഫീസ്.

4. വളഞ്ഞവട്ടം ഈസ്റ്റ് പോസ്റ്റ് ഓഫീസ്.

V. ഗ്രാമ പഞ്ചായത്ത് മരാമത്ത് പ്രവൃത്തികൾ ചെയ്യുന്ന അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ഇവർ മറ്റേതെങ്കിലും ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര്, വിലാസം |
|---|---|
| 1 | റെജിമോൻ.പി.ആർ. |
| 2 | ഗിരീഷ് കുമാർ C. S |
| 3 | K. M. യോഹന്നാൻ, കരിമ്പിൻ പീടികയിൽ . |
| 4 | വർഗീസ് ജോൺ, മാലിശേരിൽ, നിരണം. |
| 5 | നന്ദകുമാർ വർമ്മ, തുകലശ്ശേരി പാലസ്, തരുവല്ല . |
| 6 | കര്യൻ ഫിലിപ്പ്, അമ്പാട്ടുപറമ്പിൽ, മഞ്ഞാടി. |
| 7 | ബിനോയ്. V.P., മണത്തറ, വളഞ്ഞവട്ടം. |
| 8 | P.M മാത്യു, പാലുതറ ഹൗസ്, തിരുമൂലപുരം. |

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും, അതിലെ തൊഴിലാളികളെയും തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതിലേക്ക് ധനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 ലൈസൻസ് അപാകതകൾ

2021-22 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | KSBC വെയർഹൗസ് . |
| 2 | S.D.M ആയുർവേദം . |
| 3 | വി.ബി. പവർ സൊല്യൂഷൻ |
| 4 | ഐശ്വര്യ ന്യൂമിടിക്സ് യൂണിറ്റ് . |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/22 തീയതി 20/12/22) സെക്രട്ടറി നൽകിയ മറുപടിയിന്മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട് . പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കേണ്ടതുമാണ്.

II. നിയമാനുസൃത ലൈസൻസില്ലാതെ റേഷൻ കടകൾ പ്രവർത്തിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ നിന്നും റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2021) അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ 10 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. ടി റേഷൻകടകളിൽ നിന്നും തൊഴിൽനികുതി, ലൈസൻസ് എന്നിവ ഓഡിറ്റ് വർഷം ഈടാക്കിയിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

III. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ് .

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 15വാർഡുകളിലായി 175 സ്ഥാപനങ്ങളാണുള്ളത്. സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി ആയിരത്തി മുന്നൂറിലധികം കെട്ടിടങ്ങൾ ഉണ്ട്. യഥാർത്ഥത്തിൽ പഞ്ചായത്ത് പരിധിയിലുള്ള വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തിനാൽ എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

## 1-13 മൊബൈൽ ടവർ വസ്തുനികുതി -കുടിശ്ശിക ഈടാക്കിയില്ല

തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ ജി.ഒ.(എം.എസ്.) 19/2011/14.01.2011 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ചതുരശ്ര മീറ്ററിന് 500/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളതാണ്. സഞ്ചയ സോഫ്റ്റ് വെയർ, അനുബന്ധ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മൂന്ന് മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കമ്പനിയുടെ പേര്. | വാർഡ്/ കെട്ടിടനം. | പ്ലിന്ത് ഏരിയ.(ച.മീ.) | വസ്തുനികുതി കുടിശ്ശിക. | കാലയളവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സബ്ഡിവിഷണൽ എൻജിനീയർ, ബി.എസ്.എൻ എൽ.തിരുവല്ല. | 4/409 | 24.35 | 84010രൂപ | 2018 മുതൽ 2021-22 മാർച്ച് വരെ |
| 2 | റിലയൻസ് കമ്മ്യൂണിക്കേഷൻസ്. | 14/210 | 24.35 | 50134രൂപ | 2019 മുതൽ 2021-22 മാർച്ച് വരെ |
| 4 | സബ്ഡിവിഷണൽ എൻജിനീയർ, ടെലിക്കോം സിവിൽ സബ്സി വിഷൻ, ബി.എസ്.എൻ എൽ ഭവൻ. | 7/448 | 24.32 | 70010രൂപ | 2018 മുതൽ 2021-22 മാർച്ച് വരെ |
| | | | ആകെ | 204154 | |

കുടിശ്ശിക വസ്തുനികുതി പിരിച്ചെടുക്കുന്നതിന് നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്. ഓൺലൈൻ റവന്യൂ റിക്കവറി നടപടികളിലൂടെ അവശേഷിക്കുന്ന കുടിശ്ശിക ഈടാക്കി വിശദാംശം ആഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി - പിരിവ് - തുടർനടപടികൾ അനിവാര്യം

1. വസ്തുനികുതി അസസ്മെന്റ് കൃത്യമാക്കുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ പഴയകെട്ടിടങ്ങളുടെ അസസ്മെന്റിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും, കാലാവധിക്കുള്ളിൽ പൂർത്തീകരണ വിവരമോ പുതുക്കലോ ഇല്ലാത്ത പെർമിറ്റുകളുടെ നിജസ്ഥിതി പരിശോധിച്ച് ,ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

3. അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ചുനല്കേണ്ടതും, അതനുസരിച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്ററാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതുമാണ്.

4. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കേണ്ടതും, ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നടത്തേണ്ടതുമാണ്.

## 1-15 വനിതാ ഘടക പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല

വനിതകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രോജക്ടുകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായ രീതിയിലാണ് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതും നടപ്പിലാക്കിയതും. 2021-22 വർഷം വനിതാ ഘടക പദ്ധതി പ്രകാരം വകയിരുത്തിയതും നടപ്പിലാക്കിയതുമായ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | കന്നുകുട്ടി പരിപാലനം(വനിത) | 1750000 | 875000 |
| 2 | ആട് വളർത്തൽ-ജനറൽ(വനിത) | 896000 | 240000 |

ഇത്തരത്തിൽ വനിതകൾക്കും പുരുഷന്മാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തരുതെന്ന് പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3(10)iii ൽ നിഷ്കർഷിച്ചിട്ടുണ്ട്. വനിതകളെ ഗുണഭോക്താക്കളായി മാത്രം കണ്ടു കൊണ്ട് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഒരു ഉപാധി എന്ന നിലയിലാണ് പഞ്ചായത്ത് വനിതാ ഘടകപദ്ധതിയിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുള്ളത്.ജൻഡർ ബജറ്റിംഗ് നടത്താതെയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. സ്ത്രീ സമത്വത്തിനു വേണ്ട വിഭവവും വൈഭവവും പ്രവൃത്തിയിൽ വരുന്നുണ്ടോ എന്ന് കൃത്യമായി അവലോകനം ചെയ്യാനുള്ള വ്യക്തവും സുതാര്യവുമായ മാർഗ്ഗമാണ് ജൻഡർ ബജറ്റിംഗ്.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും തന്നെ പാലിക്കാതെ വനിതാ ഘടകപദ്ധതി തയ്യാറാക്കിയതിനാൽ പഞ്ചായത്തിന് ഈ മേഖലയിൽ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച കൊണ്ടുമാത്രം വരും വർഷങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 പരേതരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരങ്ങൾ, ഓഡിറ്റ് കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ എന്നിവ പൊരുത്തപ്പെടുത്തി പരിശോധിച്ചതിൽ നിന്നും ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ബാങ്ക് മുഖേന പെൻഷൻ വാങ്ങുന്ന ചില ഗുണഭോക്താക്കൾ മരണപ്പെട്ടതിനു ശേഷം പെൻഷൻ അക്കൗണ്ട് യഥാസമയം സസ്‌പെൻഡ് ചെയ്യാതിരുന്നത് മൂലം ഈ കാലയളവിൽ ബന്ധപ്പെട്ട ബാങ്കുകൾക്ക് പെൻഷൻ തുക കൈമാറിയിട്ടുണ്ട്. ഉദാ; ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | മേൽ വിലാസം | ഐ.ഡി- പെൻഷൻ ഇനം | മരണ തീയതി | മരണ തീയതിക്കു ശേഷവും പെൻഷൻ വിതരണം ചെയ്ത കാലയളവ് |
|---|---|---|---|---|
| 1 | സരസമ്മ<br>വടക്കേ മടക്കു വീട്<br>പരുമല പി.ഒ.<br>689626 | 103790100364<br>കർഷക തൊഴിലാളി പെൻഷൻ | 11-04-2020 | 05/2020 മുതൽ 04/2022 വരെ<br>തുക-36100/- |
| 2 | പഞ്ചമി. കെ.<br>എടക്കാട്ടിൽ വടക്കേതിൽപരുമല പി.ഒ.<br>689626 | 103790201132<br>വാർദ്ധക്യകാല പെൻഷൻ | 08/12/2020 | 01/2021 മുതൽ 04/2022വരെ .<br>തുക.25300/- |
| 3 | കുട്ടപ്പൻ,<br>മലയിൽ തോപ്പിൽ, കോളനി,<br>പരുമല.<br>6896260 | കർഷക തൊഴിലാളി പെൻഷൻ | 16/02/2021 | 2/2021 മുതൽ 04/2022 വരെ<br>തുക - 23, 800 |

മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണെന്ന് 23.09.2020-ലെ സ.ഉ.(എം.എസ്.) നം.97/2020/ധന നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.ഇത്തരത്തിൽ ബാങ്കുകളുടെ സസ്പെൻസ് അക്കൗണ്ടിൽ ശേഷിക്കുന്ന തുക തിരികെ വാങ്ങി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ചെലവ് രേഖകൾ ലഭ്യമല്ല

ഫിഷറീസ് സബ് ഇൻസ്പെക്ടർ, സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 2021-22 സാമ്പത്തിക വർഷം രണ്ട് പദ്ധതികൾ നടപ്പാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സുഭിക്ഷ കേരളം പദ്ധതി -ബയോഫ്ലോക്ക് മത്സ്യകൃഷി (പ്രോജക്ട് നം . എസ് 0128/22)

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29-05-2020- ലെ സ.ഉ(സാധാ) നം. 1009/2020/തസ്വഭവ. ഉത്തരവ് പ്രകാരം മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്, സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ബയോഫ്ലോക്ക് മത്സ്യ കൃഷി

നടപ്പാക്കുകയുണ്ടായി. പദ്ധതിക്കായി 64,228 രൂപ ചെലവഴിച്ച് രണ്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് വിവരം | അനുവദിച്ച സബ്സിഡി | ബിൽ നം./തീയതി |
|---|---|---|---|
| 1 | ഫാ. എം.സി.പൗലോസ്, പരുമല പള്ളി, പരുമല | 29440 | 210707520135008962284/ 06-01-2022 |
| 2 | ഫിലിപ്പോസ് കെ.വി. കിഴക്കേ മാലിയിൽ, കടപ്ര. | 34788 | ,, |
| | ആകെ | 64228 | |

പ്രോജക്ടിന്റെ യൂണിറ്റ് കോസ്റ്റ് 1,38,000 രൂപയാണ്. ഗ്രാമപഞ്ചായത്ത് വിഹിതമായി ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക 36,800 രൂപയും. ഗുണഭോക്താക്കൾ പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വൗച്ചറുകൾ, ബില്ലുകൾ എന്നിവ ഹാജരാക്കിയതിനുശേഷം മാത്രമേ സബ്സിഡി അനുവദിക്കാൻ പാടുള്ളൂ. എന്നാൽ ഗുണഭോക്താക്കൾ പ്രസ്തുത പ്രോജക്ടിനായി തുക ചെലവഴിച്ചതിന്റെ ബില്ലുകൾ, വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2. സുഭിക്ഷ കേരളം പദ്ധതി -പടുതകുളത്തിലെ മത്സ്യകൃഷി (പ്രോജക്ട് നം . എസ്.0127/22)

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29-05-2020- ലെ സ.ഉ(സാധാ) നം. 1009/2020/തസ്വഭവ. ഉത്തരവ് പ്രകാരം മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്, സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി പടുതകുളത്തിലെ മത്സ്യകൃഷി നടപ്പാക്കുകയുണ്ടായി. പദ്ധതിക്കായി 67,889 രൂപ ചെലവഴിച്ച് മൂന്ന് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് വിവരം | അനുവദിച്ച സബ്സിഡി | ബിൽ നം./തീയതി |
|---|---|---|---|
| 1 | പി.എ.ബോബൻ, തോണ്ടുപറമ്പിൽ പുത്തൻവീട്, കടപ്ര. | 11160 | 21070752013500896279/ 06-01-2022 |
| 2 | എം.സി. തോമസ്, കളീയ്ക്കാ പറമ്പിൽ, കടപ്ര. | 26480 | ,, |
| 3 | സജി ജോൺസ്, ഇട്ടിയം പറമ്പിൽ ജിബി വില്ല, കടപ്ര. | 30259 | ,, |
| | ആകെ | 67899 | |

പ്രോജക്ടിന്റെ യൂണിറ്റ് കോസ്റ്റ് 1,23,000 രൂപയാണ്. ഗ്രാമപഞ്ചായത്ത് വിഹിതമായി അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക 32,800 രൂപയും. ഗുണഭോക്താക്കൾ പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വൗച്ചറുകൾ, ബില്ലുകൾ എന്നിവ ഹാജരാക്കിയതിനുശേഷം മാത്രമേ സബ്സിഡി അനുവദിക്കാൻ പാടുള്ളൂ. എന്നാൽ ഗുണഭോക്താക്കൾ പ്രസ്തുത പ്രോജക്ടിനായി തുക ചെലവഴിച്ചതിന്റെ ബില്ലുകൾ, വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 03/16-12-2012), ബില്ലുകളുടെ അസ്സൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും ബിൽ പകർപ്പുകൾ എടുത്തത് അവിചാരിതമായി നഷ്ടപ്പെട്ടുപോയിട്ടുള്ളതാണെന്നും ആയതിനാലാണ് പരിശോധനയ്ക്ക് ഹാജരാക്കാൻ സാധിക്കാഞ്ഞത് എന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. പ്രോജക്ട് ഫയലിനോടൊപ്പം ചെലവ് രേഖകൾ സൂക്ഷിക്കേണ്ടതിന്റെയും ഓഡിറ്റ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതിന്റെയും ഉത്തരവാദിത്തം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ളതാണ്. വൗച്ചറുകൾ സൂക്ഷിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ട്. ആയത് ഭരണ സമിതി നിരീക്ഷിക്കേണ്ടതും ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ സവിശേഷ ജാഗ്രത പുലർത്തേണ്ടതുമാണ്.

## 1-18 ലൈഫ് ഭവന പദ്ധതി- അഡ്വാൻസ് തുക കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതി പ്രകാരം 2018-19, 2020-21 സാമ്പത്തിക വർഷങ്ങളിൽ അഡ്വാൻസ് തുക കൈപ്പറ്റിയശേഷം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | വാർഡ് നം. | കൈപ്പറ്റിയ തുക | വർഷം |
|---|---|---|---|
| ശ്രീമതി സൂസമ്മ, കരിശ്ശുംമൂട്ടിൽ, പരുമല | 9 | 1,82,000 | 2018-19 |

| | | | |
|---|---|---|---|
| ശ്രീമതി കുഞ്ഞികുട്ടി, കൊല്ലംപറമ്പിൽ, കടപ്ര | 11 | 3,00,000 | 2020-21 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-19 നിർമ്മല ഗ്രാമം പദ്ധതി – ഗ്രാമസഭ, പഞ്ചായത്ത് കമ്മിറ്റി തീരുമാനമില്ലാതെ ആനുകൂല്യം നൽകി

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷം നിർമ്മല ഗ്രാമം പദ്ധതിക്കായി (എസ്.0110/22) 90,000 രൂപ ചെലവഴിച്ച് 20 പേർക്ക് ആനുകൂല്യം നൽകി. ഗ്രാമസഭയുടെ അംഗീകാരമില്ലാതെ കമ്മിറ്റി തീരുമാന പ്രകാരമാണ് ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യം നൽകിയിട്ടുള്ളത് (14-02-2022 ലെ I/8 -ാം നമ്പർ തീരുമാനം). അതിൽ തന്നെ ചുവടെ ചേർത്തിരിക്കുന്ന 3 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുള്ളത് കമ്മിറ്റി തീരുമാനം ഇല്ലാതെയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് വിവരം | വാർഡ് | തുക |
|---|---|---|---|
| 1 | സുജാത അനിയൻ, ചെറുപനങ്ങോട്, ആലുംതുരുത്തി | 15 | 4500 |
| 2 | ഏലിയാമ്മ കോശി, കുരിലോടിയിൽ, ആലുംതുരുത്തി | 15 | 4500 |
| 3 | കമലം പിള്ള, മലയിൽ ഹൗസ്, കടപ്ര | 5 | 4500 |

ഗ്രാമസഭയുടെ അംഗീകാരമോ, കമ്മിറ്റി തീരുമാനമോ ഇല്ലാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം വ്യക്തമാക്കണമെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/20-12-2022), അടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമസഭയുടെ അംഗീകാരമില്ലാതെയും കമ്മിറ്റി തീരുമാനമില്ലാതെയും ആനുകൂല്യം നൽകുന്നത് ശരിയായ നടപടിയല്ല. ഭരണതലത്തിൽ തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. മേൽ സാഹചര്യത്തിൽ ചെലവഴിച്ച 90,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം ഉറപ്പാക്കാതെ വെള്ളക്കരം അടയ്ക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 115314 രൂപയാണ് പ്രതിമാസം ചെലവഴിക്കുന്നത്. നിലവിൽ 251 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കുന്നത്. പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് കേരളവാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ11/2022 Dtd 20.12.2022) മറുപടി ലഭിച്ചിട്ടില്ല. ഉപയോഗപ്രദമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം തുക ഒടുക്കുന്നത് അംഗീകരിക്കാനാവില്ല. പൊതുടാപ്പുകളേക്കാൾ ഗാർഹിക കണക്ഷന് മുൻഗണന നൽകണമെന്നും അപ്രകാരം ചെയ്ത ശേഷം ആ പ്രദേശത്തെ പൊതുടാപ്പുകൾ ക്രമേണ നിർത്തലാക്കണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയുടെ [ജി.ഒ.(എം.എസ്) 362/2013തീയതി 16.11.2013] അനുബന്ധം 1 ഖണ്ഡിക നം (8) ൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ നൽകുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചും, സംയുക്തപരിശോധന നടത്തിയും പൊതുടാപ്പുകളുടെ വെള്ളക്കരത്തിൽ പഞ്ചായത്തിനുണ്ടാകുന്ന അധിക ചെലവ് കുറയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 തെരുവ് വിളക്കുകൾക്ക് കറന്റ് ചാർജ്- അധികം തുക ചെലവഴിക്കുന്നു.

ഗ്രാമപ്പഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് നാളിതുവരെ മീറ്റർ സ്ഥാപിച്ചിട്ടില്ല. മീറ്റർ സ്ഥാപിക്കാത്തതിനാൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ അധികം തുക ചെലവഴിക്കേണ്ടിവരുന്നു. തെരുവ് വിളക്കുകൾക്ക് 83888/- രൂപയും വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഹൈമാസ്റ്റ് ലൈറ്റുകൾക്ക് 18861/- രൂപയും ഉൾപ്പെടെ ആകെ 102749/- രൂപയാണ് പ്രതിമാസം വൈദ്യുത ചാർജ്ജിനത്തിൽ അടവാക്കുന്നത്. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സ്ഥാപിക്കുന്നതിന് മുൻവർഷങ്ങളിൽ പ്രോജക്ട് ഏറ്റെടുത്തിട്ടില്ല. ചെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 11/20 Dtd 20.12.2022) മറുപടി ലഭിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനും അതുവഴി വൈദ്യുതി ചാർജ്ജ് ക്രമീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ- ഉപകരണങ്ങൾ ലഭിച്ചില്ല

പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ വാങ്ങുന്നതിനായി (പ്രോജക്ട് നം. എസ് 0178/22) 201-22 സാമ്പത്തിക വർഷം 39,797 രൂപ കെൽട്രോണിന് മുൻകൂറായി നൽകിയിട്ടുണ്ട് (ബിൽ നം. 2107075201210134l516/16-03-2022). തുക കൈമാറി 9 മാസം കഴിഞ്ഞിട്ടും കെൽട്രോൺ പ്രിന്റർ ലഭ്യമാക്കിയില്ല. ഉപകരണം ലഭിക്കുന്നതിനുള്ള കാലതാമസത്തിന്

കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/22-12-2022), വിലയിൽ വന്ന വ്യത്യാസം കൊണ്ടാണ് പ്രിന്റർ ലഭിക്കാഞ്ഞതെന്നും ഈ സാമ്പത്തിക വർഷം ബാലൻസ് തുക അടച്ച് ഉപകരണം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 നിർവ്വഹണത്തിൽ ഗുരുതര വീഴ്ച; PHCകെട്ടിടം ഉപയോഗപ്പെട്ടില്ല; 57.31 ലക്ഷം രൂപ പാഴായി

പുതിയ പി.എച്ച്.സി. കെട്ടിടം പണിയുന്നതിനും, പഴയ പി.എച്ച്.സി. കെട്ടിടം അറ്റകുറ്റപ്പണിക്കും പൊതു ഖജനാവിൽനിന്നും 57.31 ലക്ഷം രൂപയാണ് ചെലവഴിച്ചത്. നിർമ്മാണത്തിൽ ഗുണനിലവാരം പുലർത്താഞ്ഞതിനാൽ രണ്ട് കെട്ടിടങ്ങളും ഉപയോഗപ്പെടുത്താനാവാതെ പി.എച്ച്.സി. വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടങ്ങൾ ഉപയോഗ യോഗ്യമല്ലാത്തതിനാൽ ചെലവഴിച്ച തുക പാഴായി.

നിർമ്മാണത്തിൽ വ്യാപക നിയമലംഘനങ്ങൾ

നിലവിലുള്ള നിയമങ്ങൾ വ്യാപകമായി ലംഘിച്ചാണ് ഗ്രാമപഞ്ചായത്ത് പുതിയ പി.എച്ച്.സി. കെട്ടിടം നിർമ്മിച്ചത്. പുഞ്ചയാണ് പി.എച്ച്.സി. കെട്ടിടം നിർമ്മിക്കാനായി ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്തത്. ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിലുണ്ടായിരുന്നതായിരുന്നു ഈ നിലം. ഇവിടെ പി.എച്ച്.സി. പണിയുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ സ്ഥല അനുയോജ്യതാ സാക്ഷ്യപത്രം വാങ്ങിയിരുന്നില്ല. വലിയ വെള്ളപ്പൊക്ക സാധ്യതയുള്ളതാണ് ഈ സ്ഥലം. ചെറിയ മഴയത്ത് പൊലും ദിസങ്ങൾ നീളുന്ന വെള്ളക്കെട്ട് ഇവിടെ രൂപപ്പെടാറുണ്ട്. സ്ഥിരം പ്രളയ ഭീഷണി ഉള്ളതാണ് ഇവിടം. 2018-ലും തുടർന്നും വലിയ തോതിൽ ഇവിടെ വെള്ളപ്പൊക്കം ഉണ്ടായിട്ടുണ്ട്. 1957-ലെ ഭൂസംരക്ഷണ നിയമം, ചട്ടം, 1967-ലെ ഭൂവിനിയോഗ ഉത്തരവ് 2008-ലെ നെൽവയൽ നീർത്തട സംരക്ഷണ നിയമം, ചട്ടം, 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം എന്നിവ ലംഘിച്ചാണ് പഞ്ചായത്ത് ഈ സ്ഥലത്ത് പി.എച്ച്.സി. കെട്ടിടം നിർമ്മിച്ചത്. വെള്ളപ്പൊക്ക സാധ്യതയുള്ള സ്ഥലത്ത് കെട്ടിട നിർമ്മാണം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 26 വിലക്കുന്നുണ്ട്. നിയമങ്ങൾ പാലിച്ച് പൊതു സമൂഹത്തിന് മാതൃകയാകേണ്ട പഞ്ചായത്ത് വ്യാപകമായി നിയമങ്ങൾ ലംഘിച്ചത് അംഗീകരിക്കാവുന്നതല്ല.

പി.എച്ച്.സി. കെട്ടിട നിർമ്മാണം വർഷങ്ങൾ നീണ്ടു

ഒട്ടും അനുയോജ്യമല്ലാത്ത സ്ഥലത്ത് പഞ്ചായത്ത് പി.എച്ച്.സി. കെട്ടിട നിർമ്മാണം തുടങ്ങിയത് 2012-13-ലാണ്. തുടർന്ന് 2016-17 വരെ അഞ്ച് വർഷംകൊണ്ടാണ് പി.എച്ച്.സി. കെട്ടിടത്തിന്റെ സിവിൾ വർക്കുകൾ തീർത്തത്. ഇതിന് പൊതുപണം 31245011 രൂപ ചെലവഴിച്ചു (ചെലവിന്റെ വിശദാംശങ്ങൾക്ക് താഴെ പട്ടിക കാണുക). അപ്പോഴും വൈദ്യുതീകരണവും, പ്ലംബിംഗും ബാക്കിയായതിനാൽ പി.എച്ച്.സി. പുതിയ കെട്ടിടത്തിൽ പ്രവർത്തിക്കാനായില്ല.

| വർഷം | പ്രോ.നം. | വിവരണം | ചെലവ് |
|---|---|---|---|
| 2012-13 | 144 | മണ്ണ് പരിശോധന | 56180 |
| 2013-14 | 37 | മണ്ണ് പരിശോധന | 775 |
| 2013-14 | 16 | പി.എച്ച്.സി. കെട്ടിട നിർമ്മാണം പൈലിംഗ് | 916411 |
| 2014-15 | 8 | പി.എച്ച്.സി. കെട്ടിട നിർമ്മാണം പൈലിംഗ് | 183041 |
| 2015-16 | 96 | കെട്ടിട നിർമ്മാണം 2-ാം ഘട്ടം | 1482677 |
| 2016-17 | 12 | കെട്ടിട നിർമ്മാണം 2-ാം ഘട്ടം | 484427 |
| | ആകെ | | 3123511 |

നിലവിലുണ്ടായിരുന്ന പി.എച്ച്.സി. കെട്ടിടം അസൗകര്യങ്ങളാലും, കാലപഴക്കത്തിനാലും ഉപയോഗ യോഗ്യമല്ലാത്തതിനാലാണ് പഞ്ചായത്ത് പുതിയ പി.എച്ച്.സി. കെട്ടിടം നിർമ്മാണം തുടങ്ങിയത്. ചികിത്സാ സേവനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി അടിയന്തിര പ്രാധാന്യത്തോടെ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ജാഗ്രത കാട്ടിയില്ല. ഇക്കാലമത്രയും പി.എച്ച്.സി. പ്രവർത്തിച്ചത് വാടക കെട്ടിടത്തിലാണ്. പി.എച്ച്.സി. പോലെ ഒരു സ്ഥാപനം പ്രവർത്തിക്കാൻ അനുയോജ്യമാണോ എന്നത് പരിശോധിക്കാതെയാണ് കെട്ടിടം വാടകയ്ക്ക് എടുത്തത്. പരിശോധനാ മുറി, ഫാർമസി റൂം, ജീവൻ രക്ഷാ മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള എ.സി. സംവിധാനം രോഗികൾക്കുള്ള കാത്തിരിപ്പ് റൂം, ശുചിമുറി, അടിയന്തിര ഘട്ടങ്ങളിൽ രോഗികളെ നിരീക്ഷിക്കുന്നതിനുള്ള മുറി എന്നിവ ഈ കെട്ടിടത്തിൽ ഇല്ലായിരുന്നു. നിത്യേന നിരവധി രോഗികൾക്ക് ആശ്രയമാണ് പി.എച്ച്.സി. അസൗകര്യങ്ങളാൽ വീർപ്പുമുട്ടുന്ന വാടക കെട്ടിടത്തിൽ പി.എച്ച്.സി. പ്രവർത്തിക്കാൻ അനുവദിച്ചത് പഞ്ചായത്തിലെ ജനങ്ങൾക്ക്

ഗുണമേന്മയുള്ള ചികിത്സാ സേവനം ലഭ്യമാകുന്നതിന് തടസ്സമായി. വാടക കെട്ടിടത്തിൽ പി.എച്ച്.സി. പ്രവർത്തിക്കുമ്പോഴും പുതിയ പി.എച്ച്.സി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഗുരുതരമായ അലംഭാവം കാട്ടി. 2016-17-ലെ പ്രോജക്ടിൽ 2.3 ലക്ഷം രൂപ വൈദ്യുതീകരണത്തിനും, പ്ലംബിംഗിനും വകയിരുത്തിയിരുന്നു. ഇത് നടത്താതെയാണ് കരാറുകാരന് ബിൽ തീർപ്പാക്കി നൽകിയത്. തുടർന്ന് രണ്ടര വർഷത്തോളം കെട്ടിടം ഉപയോഗിക്കാതെ കിടന്നു. 2020 നവംബറിലാണ് ഉദ്ഘാടനം നടത്തി പി.എച്ച്.സി. പ്രവർത്തിച്ച് തുടങ്ങിയത്.

പി.എച്ച്.സി. കെട്ടിട നിർമ്മാണത്തിൽ ഗുരുതര അപാകം ; ഉദ്ഘാടനം ചെയ്ത് മാസങ്ങൾക്കുള്ളിൽ കെട്ടിടം തകർന്നു

നിർമ്മാണം പൂർത്തിയാക്കി പി.എച്ച്.സി. പ്രവർത്തിച്ച് തുടങ്ങി മാസങ്ങൾക്കുള്ളിൽ പുതിയ കെട്ടിടം തകർന്നു. ഭിത്തികളിൽ കനത്ത വിള്ളലുകൾ രൂപപ്പെട്ടു. നിരവധി തൂണുകളിൽ കെട്ടിപൊക്കിയ കെട്ടിടം ഒരു വശത്തേക്ക് ചരിഞ്ഞാണ് നിൽക്കുന്നത്. ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം കെട്ടിടം അൺഫിറ്റ് ആണെന്ന് സാക്ഷ്യപ്പെടുത്തി. കെട്ടിടം തകർന്ന് വീഴുന്ന സ്ഥിതിയിലായതിനാൽ പി.എച്ച്.സി. വീണ്ടും വാടക കെട്ടിടത്തിലേക്ക് മാറ്റേണ്ടിവന്നു. മണ്ണ് പരിശോധനയ്ക്കും പൈലിംഗിനും 11.56 ലക്ഷം രൂപ ചെലവഴിച്ചിട്ടും മാസങ്ങൾക്കുള്ളിൽ കെട്ടിടം ഇരുത്തിയത് നിർമ്മാണത്തിലെ പിഴവാണ്. പൈലിംഗ് നടത്തി തൂണുകൾ ഉറപ്പിച്ചതിൽ ഗുരുതരമായ സാങ്കേതിക പിഴവുകൾ സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാകുന്നതാണ് കെട്ടിടത്തിന്റെ തകർച്ച. വർഷം മുഴുവൻ വെള്ളം കെട്ടികിടക്കുന്ന ചതുപ്പ് നിലത്തിലാണ് പഞ്ചായത്ത് പി.എച്ച്.സി. കെട്ടിടം നിർമ്മിച്ചത്. അങ്ങനെയുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുമ്പോൾ പാലിക്കേണ്ടതായ സാങ്കേതിക നിലവാരം പുലർത്താൻ പഞ്ചായത്തിന് കഴിഞ്ഞില്ല. ഭിത്തികൾക്ക് വിള്ളലുണ്ടായതും, കെട്ടിടം ഇരുത്തിയതും ചതിപ്പിൽ പൈൽ ഉറപ്പിച്ചതിലെ ഗുരുതരമായ പിഴവാണ്. ഉചിതമായ മറ്റൊരു സ്ഥലം കണ്ടെത്തി ഇതിലും കുറഞ്ഞ ചെലവിൽ കെട്ടിടം നിർമ്മിക്കാമായിരുന്നു. ആ സാധ്യത പരിഗണിക്കാതെ ചതുപ്പിൽ കെട്ടിടം പണിത് 31.2 ലക്ഷം രൂപ പാഴാക്കിയതിൽ പൊതു താല്പര്യം തീരെ ഇല്ല. മാത്രവുമല്ല കെട്ടിടം പണിയുടെ അവസാന അളവുകൾ രേഖപ്പെടുത്തിയ 08.09.2016മുതൽ 5 വർഷം Defect Liability Period ആണ്. കരാർ വ്യവസ്ഥ പ്രകാരം പണിയുടെ Defect Liability Period ആയ 5 വർഷക്കാലത്തിനുള്ളിൽ ഉണ്ടാകുന്ന അപാകതകൾ കരാറുകാരൻ സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതാണ്. എന്നാൽ കെട്ടിടത്തിന്റെ സംരക്ഷണ കാലയളവിനുള്ളിൽ ഉണ്ടായ അപാകതകൾ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പരിഹരിക്കുന്നതിനുള്ള യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

തകർന്ന പി.എച്ച്.സി. കെട്ടിടം ഉദ്ദേശം 1500ച.അടി വിസ്തൃതിയുള്ളതാണ്. പൈലിംഗിനുൾപ്പടെ വിവിധ സർക്കാർ ഫണ്ടുകൾ 31.24 ലക്ഷം രൂപ ചെലവഴിച്ച് ആറ് വർഷം എടുത്താണ് കെട്ടിടം പൂർത്തിയാക്കിയത്. ഏറ്റവും പുതിയ നിർമ്മാണ നിലവാരം വെച്ച് കണക്കാക്കിയാലും ഇത്രയും ചെറിയൊരു കെട്ടിടം ഇതിന്റെ പകുതി ചെലവിൽ പൂർത്തിയാക്കാമായിരുന്നു. അനുയോജ്യമല്ലാത്ത ചതുപ്പ് നിലത്തിൽ കെട്ടിടം പണിതതാണ് നിർമ്മാണ ചെലവ് ഉയരാന് ഇടയാക്കിയത്. അതോടൊപ്പം ഗുരുതരമായ ക്രമക്കേടുകളും പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായി.

പഴയ പി.എച്ച്.സി. കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിന് ലക്ഷങ്ങൾ പാഴാക്കി

പഴയ പി.എച്ച്.സി. കെട്ടിടം ഉപയോഗ്യശൂന്യമായതിനാലാണ് പുതിയ കെട്ടിട നിർമ്മാണത്തിന് ലക്ഷങ്ങൾ ചെലവഴിച്ചത്. പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കാതെ 2017-18-ൽ തന്നെ പഴയ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക് ഗ്രാമപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തു. 2018-19, 2019-20, 2020-21എന്നീ വർഷങ്ങളിലായി സർക്കാർ ഫണ്ട് 17,98,668രൂപ ചെലവഴിച്ചു. അറ്റകുറ്റപ്പണികൾ പുരോഗമിക്കുമ്പോൾതന്നെ ഈ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ ഇരുത്തി ഭിത്തികൾക്ക് വലിയതോതിൽ വിള്ളൽ ഉണ്ടായി. അറ്റകുറ്റപ്പണിയുടെ ഭാഗമായി നിലവിലുണ്ടായിരുന്ന പഴയ കെട്ടിടത്തിനോട് കൂട്ടിചേർത്ത ഹാളിന്റെ ഫൗണ്ടേഷൻ പണി പുരോഗമിക്കുമ്പോൾതന്നെ താഴേക്ക് ഇരുത്തി. ചതുപ്പ് നിലം മണ്ണ് നിറച്ചാണ് ഹാൾ പണിയുന്നതിനുള്ള സ്ഥലം ഒരുക്കിയെടുത്തത്. ഇങ്ങനെയുള്ള സ്ഥലത്ത് ഫൗണ്ടേഷൻ പണിയുമ്പോൾ പാലിക്കേണ്ട ഗുണനിലവാരം ഉറപ്പാക്കിയില്ല. ഫൗണ്ടേഷനും, ഭിത്തിയും തകർന്നുകൊണ്ടിരിക്കുമ്പോഴും അറ്റകുറ്റപണികൾ നിർത്തി വയ്ക്കാൻ പഞ്ചായത്ത് തയ്യാറായില്ല. വിള്ളൽ വീണ സ്ഥലങ്ങൾ പ്ലാസ്റ്റർ ചെയ്ത് മറച്ച് തറയിൽ ടൈൽ ഇടുന്നത് ഉൾപ്പടെയുള്ള പണികൾ പൂർത്തിയാക്കുകയായിരുന്നു. പഴയ കെട്ടിടം അൺഫിറ്റായതിനാലാണ് പുതിയ പി.എച്ച്.സി. കെട്ടിട നിർമ്മാണം ഗ്രാമപഞ്ചായത്ത് തുടങ്ങിയത്. അൺഫിറ്റായ പഴയ കെട്ടിടം പൊളിച്ചുമാറ്റുകയായിരുന്നു വേണ്ടിയിരുന്നത്. അത് ചെയ്യാതെ ലക്ഷങ്ങൾ അറ്റകുറ്റപ്പണികൾക്ക് ചെലവഴിച്ചത് പൊതു പണത്തിന്റെ ദുർവിനിയോഗമാണ്. ഉപയോഗിക്കുവാൻ കഴിയില്ലെന്ന് വ്യക്തമായ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക് വീണ്ടും ലക്ഷങ്ങൾ ചെലവഴിച്ചത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണ്.

ചെലവിന്റെ വിവരം

| വർഷം | പ്രോജക്ട് നമ്പർ | ചെലവ് |
|---|---|---|
| 2018-19 | 103 | 507935 |

| | | |
|---|---|---|
| 2019-20 | 96 | 300872 |
| 2020-21 | 53 | 1150214 |
| 2020-21 | 123 | 320655 |
| 2021-21 | 111 | 166137 |
| 2021-21 | 143 | 161662 |
| ആകെ | | 2607475 |

പി.എച്ച്.സി. ഇപ്പോഴും വാടക കെട്ടിടത്തിൽ

പുതിയ പി.എച്ച്.സി. കെട്ടിട നിർമ്മാണത്തിനും, പഴയ പി.എച്ച്,സി. കെട്ടിടം അറ്റകുറ്റപ്പണികൾക്കുമായി 57.31 ലക്ഷം രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടും പഞ്ചായത്തിന്റെ പി.എച്ച്.സി. കെട്ടിടം അസൗകര്യങ്ങൾ നിറഞ്ഞ വാടക കെട്ടിടത്തിലാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. ഇതിനാൽ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ആരോഗ്യ സേവനങ്ങൾ വലിയ തോതിൽ നിഷേധിക്കപ്പെടുന്നുണ്ട്.

അനുയോജ്യമല്ലാത്ത സ്ഥലത്ത് നിലവാരം ഇല്ലാതെ നിർമ്മിച്ചതിനാൽ പൊളിച്ചുകളയേണ്ട പഴയ പി.എച്ച്.സി. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കുമായി ലക്ഷങ്ങൾ ചെലവഴിച്ചതിനാലുമാണ് ഈ അവസ്ഥ ഉണ്ടായത്. മികച്ച അടിസ്ഥാന സൗകര്യങ്ങളുള്ള ഒരു പി.എച്ച്.സി. കെട്ടിടം നിർമ്മിക്കുവാൻ കഴിയുന്നത്ര തുക ഇതിനകം പഞ്ചായത്ത് പാഴാക്കി. ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറിയതുമില്ല. പി.എച്ച്.സി. നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ വർഷങ്ങളിൽ പഞ്ചായത്ത് നടത്തിയ പദ്ധതി നിർവ്വഹണത്തിന്റെ ഓഡിറ്റ് വിശകലനം താഴെപറയുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നാൽ തുടർ നടപടികൾ ഉണ്ടായിട്ടില്ല.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. |
|---|---|
| 2016-17 | 3-4 |
| 2018-19 | 1-22 |
| 2020-21 | 1-23 |

പി.എച്ച്.സി ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും സമീപസ്ഥമായി നിലനിന്നിരുന്ന പഴയ കെട്ടിടം പുനരുദ്ധരിക്കുന്നതിനും നവീകരിക്കുന്നതിനും അനുബന്ധ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി വിവിധ വർഷങ്ങളിലായി ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ പൂർണ്ണമായും പാഴായ നിലയിലാണ് കാണപ്പെട്ടത്. തണ്ണീർതടം നികത്തിയ സ്ഥലത്ത് ആവശ്യമായ മണ്ണ് പരിശോധനയും ഭൂമിയുടെ ഘടനാപരമായ ഉറപ്പും പരിശോധിക്കാതെയും അനുയോജ്യത ഉറപ്പുവരുത്താതെയും ആരോഗ്യകേന്ദ്രത്തിന് വേണ്ടിയുള്ള നിർമ്മാണ പ്രവർത്തികൾ ഏറ്റെടുത്തതിൽ ഗുരുതരമായ അപാകതകളാണ് സംഭവിച്ചിട്ടുള്ളത്. ആസൂത്രണത്തിലും നിർവ്വഹണത്തിലും വീഴ്ചകൾ ഉണ്ടായിരിക്കുന്നു. കാലാകാലങ്ങളിലെ ഓഡിറ്റ് നിർദ്ദേശങ്ങൾ അവഗണിക്കപ്പെട്ടതും സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള നടപടി വീഴ്ചയും മേൽനോട്ടമില്ലായ്മയും ഉചിതമായ സമയത്തുള്ള ഇടപെടലിന്റെ അഭാവവും പൊതുഫണ്ടിൽ നിന്നുള്ള ഭീമമായ പാഴ്ചെലവിന് ഇടയാക്കി. ഈ സാഹചര്യത്തിൽ ഉചിതമായ അന്വേഷണത്തിലൂടെ നഷ്ടത്തിന്റെ വ്യാപ്തി നിർണ്ണയിച്ച് അതിന്മേലുള്ള ബാധ്യത ബന്ധപ്പെട്ടവരിൽ നിന്നും ഉചിതമാർഗ്ഗേണ ഈടാക്കുന്നതിന് ആവശ്യമായ ഭരണതല നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-24 ആസ്തിയിൽ ഉൾപ്പെടാത്ത റോഡുകളിൽ നിർമ്മാണം -- അപാകതകൾ

1) മരങ്ങാട്ടുപടി - പുഞ്ച . റോഡ് ഇന്റർ ലോക്കിംഗ് പ്രവൃത്തി (145/21 - 22)(ward 9)

ആസ്തി വിവരം മരാമത്ത് പ്രവൃത്തിയുടെ പദ്ധതി രൂപീകരണ ഫോറം, Estimate റിപ്പോർട്ടുകൾ, ഭരണ സമിതി തീരുമാനം എന്നിവയിൽ രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഇപ്രകാരം ഒരു റോഡ് ഉൾപ്പെട്ടിട്ടില്ല.

ഇന്റർലോക്കിംഗ് പ്രവൃത്തി ചെയ്ത സ്ഥലത്തെ ഉടമസ്ഥാവകാശം സംബന്ധിച്ച് വില്ലേജ് റവന്യൂ രേഖകളുടെ പരിശോധനയിലൂടെ ബോധ്യപ്പെടേണ്ടതുണ്ട്. ആസ്തിയാണെന്ന് തെളിയിക്കുവാനുള്ള രേഖകൾ ഹാജരാക്കുവാൻ രേഖാമൂലം ആവശ്യപെട്ടിട്ടും പഞ്ചായത്ത് അധികാരികൾക്ക് ആസ്തിയാണെന്ന് തെളിയിക്കുവാൻ കഴിഞ്ഞില്ല.

കരാറുകാരായ SSA Labour Contract Society നിന്നും Performance Security ഈടാക്കിയിട്ടില്ല. ടി കരാറുകാരുടെ PWD മാന്വൽ നിഷ്കർഷിക്കുന്ന Contract Licence രേഖകൾ ലഭ്യമാക്കിയില്ല.

2) കുറുമ്പേശ്വരം - ബേബി പടി റോഡ് മെയിന്റനൻസ് (143-21 / 22 )

സൈഡ് കെട്ട് നിർമ്മാണം നടത്തിയിട്ടുള്ള മൺറോഡ് രണ്ട് സ്വകാര്യ വ്യക്തികളുടെ വസ്തുവിലേക്ക് ഉള്ള വഴിയാണ്.

3)കുറുമ്പേശ്വരം - St . Sebastian കുരിശടി പള്ളിപടി റോഡ്

PMC Surface Type ഉള്ള 200 മീറ്റർ മാത്രം നീളുന്ന റോഡാണ്. (Ward 14). 200 മീറ്ററിന് ശേഷമുള്ള മണ്ണ് ഫില്ലിംഗ്

നടത്തിയിട്ടുള്ള നിലം നികത്തിയ ഭാഗത്താണ് നിർമ്മാണം നടന്നിട്ടുള്ളത് : ഇരുന്നൂറ് മീറ്ററിന് ശേഷമുള്ള ദൂരം ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല. ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളിലാണ് പ്രവർത്തി നടത്തിയിട്ടുള്ളതെന്ന് രേഖാമൂലം ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-25 കരാർ ചമച്ച മരാമത്ത് പ്രവൃത്തികൾ നാളിതു വരെ ആരംഭിച്ചിട്ടില്ല. - കരാറുകാരനതിരെ നിയമ നടപടികൾ സ്വീകരിക്കാതെ പദ്ധതി ഉപേക്ഷിച്ചതായി കമ്മിറ്റി തീരുമാനം. അംഗീകരിക്കുന്നില്ല .

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം ആവിഷ്കരിച്ച ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. കരാർ ഉറപ്പിച്ച് നൽകിയ എസ്.എസ്.എ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി എന്ന സ്ഥാപനമാണ് കരാർ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാതിരുന്നത്.

1) ചേരിയിൽ പടി റോഡ് പുനരുദ്ധാരണം

2) മനക്കൽ കുഴി കലുങ്ക് നിർമ്മാണം

3) ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് (അങ്കൺവാടി നം : 20 )

കരാർ സ്ഥാപനം നിർമ്മാണം ആരംഭിക്കാതിരുന്നത് ഫണ്ടിന്റെ അപര്യാപ്തത മൂലവുമാണെന്ന് പഞ്ചായത്ത് കമ്മിറ്റി (12-7-22 ൽ 6/4) തീരുമാനം കൈക്കൊള്ളുകയും പ്രവൃത്തി ഉപേക്ഷിക്കുകയുമാണ് ചെയ്തിട്ടുള്ളത്. കരാർ ലംഘനം നടത്തിയിട്ടുള്ള കരാറുകാരനായ SSA ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കരാറുകൾ റദ്ദ് ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുന്നതിന് പകരം പദ്ധതി ഉപേക്ഷിച്ച് കരാറുകാരെ നിയമ നടപടികളിൽ നിന്നും സംരക്ഷിക്കുന്ന തീരുമാനമാണ് കമ്മിറ്റി സ്വീകരിച്ചിട്ടുള്ളത്. SSA ലേബർ സൊസൈറ്റി ഏറ്റെടുത്തിട്ടുള്ള മറ്റു പ്രവൃത്തികളിൽ ജി.എസ്.ടി. ഡിക്ലറേഷൻ വാങ്ങുകയോ പെർഫോമൻസ് സെക്യൂരിറ്റി ഈടാക്കുകയോ ചെയ്തിട്ടില്ല. കരാറുകാർക്ക് അംഗീകൃത PWD ലൈസൻസി ഉള്ളതിന്റെ രേഖകൾ ഇല്ല. കരാറുകാരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും. കരാർ ലംഘനം നടത്തിയ SSA Labour Contract സൊസൈറ്റിക്കെതിരെ PWD മാന്വൽ 2116.1, 2116.21 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് | 60,000 | അന്നപൂർണ്ണകൃഷി (എസ്.0069/22) | 60,000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 16,49,172 | അന്നപൂർണ്ണകൃഷി (എസ്.0069/22) | 16,49,172 | ,, |
| ,, | 10,40,053 | ലൈഫ് ഭവന പദ്ധതി-ജനറൽ | 10,40,053 | ,, |

| | | | | |
|---|---|---|---|---|
| | | (എസ്.0091/22) | | |
| ,, | 2,00,000 | അങ്കണവാടി പോഷാകാഹാര പദ്ധതി (എസ്.0005/22) | 2,00,000 | ,, |
| ജില്ലാ പഞ്ചായത്ത് | 5,10,000 | പാലിന് സബ്സിഡി നൽകൽ (എസ്.0081/22) | 5,10,000 | ,, |
| പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് | 1,50,000 | പാലിന് സബ്സിഡി നൽകൽ (എസ്.0122/22) | 1,50,000 | ,, |
| ,, | 1,70,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0027/22) | 1,70,000 | ,, |
| ജില്ലാ പഞ്ചായത്ത് | 2,08,500 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0027/22) | 2,08,500 | ,, |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| 01 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0086/22) | വാട്ടർ അതോറിറ്റി | 20,79,000 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു. ആർ. ഡി.എഫ്.സി | GO(MS)68/ 18.05.18 | 10280105 | 8549438 | 1305333 | - | 7244105 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2005-06 | 3-1 | 2210 | രാജി എസ് നായർ, UD ക്ലർക്ക് | 121040104349 Dtd10.01.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2014-15 | 2-7 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി 2014-15 അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2 | 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി 2015-16 അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 3 | 2018-19 | 1-21 | 2019-20 | 1-21 | ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിച്ചത് പൂർത്തിയായില്ല | കെട്ടിട നിർമ്മാണം പൂർത്തീകരിച്ച ഫർണ്ണസ് സ്ഥാപിക്കുന്നതിന് തൻവർഷം പ്രൊജക്ട് ഏറ്റെടുത്തിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 77055689 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63626715 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| റിപ്പോർട്ട് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ.പി.4/621/02 തീയതി 07-02-2003 | 1 എണ്ണം - (39) |
| 2014-15 | എൽ.എഫ്.പി.റ്റി.എ. പി4-685/14 തീയതി: 23-06-2016 | 1എണ്ണം - (2-1(1)) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി4/1383/2016 തീയതി: 03-01-2017 | 3 എണ്ണം - (2-3, 3-4, 3-6) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി-4/915 /17 തീയതി: 26-08-2017 | 8 എണ്ണം- 3-1, 3-3, 3-4, 3-5, 3-6, 3-14, 3-16, 3-17) |
| 2017-18 | കെ.എസ്.എ.പി.റ്റി.എപി-4/98/19 തീയതി: 18-02-2019 | 13 എണ്ണം (3-5, 3-7, 3-11 To 3-19, 3-21, 3-22) |
| 2018-19 | കെ.എസ്.എ.പി.റ്റി.എപി4/198/20, തീയതി 15/05/2020 | 12എണ്ണം (1-16, 1-21 To 1-27, 1-29, 1-32, 1-37, 1-41) |
| 2019-20 | കെ.എസ്.എ.പി.ടി.എ.പി4 - 837/2021 തീയതി 10/01/2022 | 9 എണ്ണം (1-11, 1-14, 1-15, 1-18, 1-19, 1-22, 4-2, 4-7, 4-10) |
| 2020-21 | കെ.എസ്.എ.പി.ടി.എ.പി 4 -838/2021, തീയതി 06/01/2022 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം , പത്തനംതിട്ട.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്